14-ാം കേരള നിയമ സഭ

4-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2184 07.03.2017-ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്; ഇവിടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിലെ ബദിയടുക്ക/ഉക്കിനടുക്ക എന്ന സ്ഥലത്താണ് നിർദ്ദിഷ്ട മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത്. ഇവിടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച് വിവരം ശേഖരിച്ച് വരുന്നു. |
| (ബി) മെഡിക്കൽ കോളേജിനായി തെരഞ്ഞെടുത്ത സ്ഥലം കാസർഗോഡ്-കർണ്ണാടക സംസ്ഥാന അതിർത്തിയിൽ നിന്നും എത്ര കിലോമീറ്റർ ദൂരത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഏകദേശം 40 കിലോമീറ്റർ ദൂരത്തിലാണ്. 60 ഏക്കർ വിസ്തൃതിയിലുള്ള പ്രസ്തുത ഭൂമി കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ബദിയടുക്ക/ഉക്കിനടുക്കയിലാണ് സ്ഥിതി ചെയ്യുന്നത്. |
| (സി) ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തിലെ ആളുകൾക്കും ജില്ലയിലെ മറ്റുള്ളവർക്കും ഈ നിർദ്ദിഷ്ട മെഡിക്കൽ കോളേജ് കൊണ്ട് ഏറെ ഗുണം ചെയ്യാത്ത വിഷയം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർദ്ദിഷ്ട മെഡിക്കൽ കോളേജ് /അനുബന്ധമായിട്ടുള്ള ആശുപത്രി സ്ഥാപിതമാകുന്നത് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വളരെയധികം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ